LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി പ്ലാന്റേഷൻസ് ഇൻസ്പെക്ടർ പാടികളുള്ള തോട്ടങ്ങളിൽ, തോട്ടം പരിശോധനാവേളയിൽ സന്ദർശിക്കുകയും സ്വന്തമായി വീടുവച്ച് താമസിച്ച തൊഴിലാളികളുടെ പാടികളൊഴികെ മിക്ക പാടികളും വാസയോഗ്യമാണെന്നും, ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തിവരുന്നതായും അറിയിച്ചു. വാസ യോഗ്യമല്ലാത്ത ഏതാനും പാടികൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് മാനേജ്മെന്റിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) തോട്ടങ്ങളിൽ പരിശോധന നടത്തി ലയങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബോധ്യപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ എടുക്കാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്ന് വീണ്ടും പരിശോധന നടത്തുന്നതിന് പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൂട്ടിയ ബാർ/ബീവറേജ് തൊഴിലാളികളുടെ പുനരധിവാസം

192 (4995) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകളും ബീവറേജ് ഔട്ട്ലെറ്റുകളും പൂട്ടിയതിന്റെ ഭാഗമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) രജിസ്റ്റർ ചെയ്യപ്പെട്ട 6179 തൊഴിലാളികളുണ്ടെങ്കിലും ബിയർ & വൈൻ പാർലറുകൾ ആരംഭിച്ചതുമൂലം ഇവർക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല

കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി

193 (4996) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി അടച്ചുപൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;